കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

ഏപ്രിൽ 26

April 26

2020

1195 മേടം 13 ഞായർ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**കുടുംബ വരുമാനമായ 3000 രൂപയും സംഭാവന നൽകി മാതൃകയായി ഗണേശനും കുടുംബവും**

സർക്കാരിന്റെ സാമൂഹികക്ഷേമ പെൻഷനുകൾ ഉൾപ്പെടെ ആകെ മാസവരുമാനമായ 3000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി മാതൃകയായി തിരുവല്ല പൊടിയാടി ലക്ഷ്മീഭവൻ വീട്ടിൽ ഗണേശനും കുടുംബവും. മാനസിക വിഷമതകൾ അനുഭവിക്കുന്ന ഗണേശന് 1200 രൂപയാണ് സാമൂഹ്യ ക്ഷേമപെൻഷനായി പ്രതിമാസം ലഭിക്കുന്നത്. ഇതിനൊപ്പം ഭിന്നശേഷിക്കാരിയായ മകൾ നീതു ഗണേശന് ലഭിച്ച പ്രതിമാസ പെൻഷൻ 1200 രൂപയും, ഇവരെ പരിചരിക്കുന്ന ഗൃഹനാഥ ഗീത ഗണേശന്റെ കൈവശമു ായിരുന്ന 600 രൂപയും ചേർത്ത് കുടുംബത്തിന്റെ ആകെ മാസ വരുമാനമായ 3000 രൂപയും ഇവർ സംഭാവന നൽകി. സർക്കാർ ര ു തവണകളായി ആറു മാസത്തെ പെൻഷൻ നൽകിയപ്പോൾ കുടുംബമായി എടുത്ത തീരുമാനമാണ്, ഒരു മാസത്തെ മുഴുവൻ വരുമാനവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു നൽകണമെന്നത്.

ഗീതാ ഗണേശിൽ നിന്നും അഡ്വ. മാത്യു ടി തോമസ് എംഎൽഎ തുക ഏറ്റുവാങ്ങി. നിർധനാവസ്ഥയിലും സാമൂഹിക പ്രതിബദ്ധത പുലർത്തുന്ന ഗണേശന്റെ കുടുംബം നാടിന് മാതൃകയാണെന്ന് എംഎൽഎ പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് അംഗം ബിനിൽ കുമാർ, നെടുമ്പ്രം ഗ്രാമ പഞ്ചായത്തംഗം ചന്ദ്രലേഖ എന്നിവർ സന്നിഹിതരായിരുന്നു.

തിരുവല്ല നിയോജക മണ്ഡലത്തിലെ നിരവധി കുട്ടികൾ വിഷു കൈനീട്ടമായി ലഭിച്ച തുക ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. കുറ്റൂർ വഞ്ചിമലയിൽ നിരഞ്ജന, സായിലക്ഷ്മി, ആവണി, അമേയ എന്നീ കുട്ടികൾ അവർക്കു കിട്ടിയ വിഷുകൈനീട്ടം 5150 രൂപ ദുരിതാശ്വാസ നിധിയിലേക്കു നൽകി. കവിയൂരിലെ ശിവാനി, ആദർശ്, ആഷിക്, അനാമിക, നിതിൻ, ദുർഗ, ആനിദേവ് എന്നീ കുട്ടികൾ വിഷുകൈനീട്ടമായി കിട്ടിയ 2000

രൂപ ദുരിതാശ്വാസനിധിയിലേക്കി നൽകി. കവിയൂരിലെ അമ്മ ബജറ്റ് ഹോട്ടലിന്റെ ഒരു ദിവസത്തെ വരുമാനം 3500 രൂപയും സംഭാവന നൽകി. (പിഎൻപി 1884/20)

## വിഷു കൈനീട്ടം ദുരിതാശ്വാസ നിധിയിലേക്ക് നൽകി കുരുന്നു വിദ്യാർഥിനി

കഴിഞ്ഞ വർഷം ലഭിച്ച വിഷുക്കൈനീട്ടം സൂക്ഷിച്ചുവച്ചിരുന്ന മൂന്നാം ക്ലാസുകാരി കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിനായി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. അച്ഛനും അമ്മയ്ക്കും ഒപ്പം കളക്ടറേറ്റിൽ എത്തി ജില്ലാ കളക്ടർ പി.ബി നൂഹിന് വൈഗ പി. മനോജ് തുക കൈമാറി.

കഴിഞ്ഞ ദിവസം മുഖ്യമന്ത്രി നടത്തിയ വാർത്ത സമ്മേളനത്തിൽ കുരുന്നു വിദ്യാർഥികൾ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തതിനെ അഭിനന്ദിച്ചിരുന്നു. ഇതിൽനിന്ന് പ്രചോദനം ഉൾക്കൊ ് മകൾ വൈഗ സ്വന്തം തീരുമാനപ്രകാരം തുക ദുരിതാശ്വാസ നിധിയിലേക്ക് കൈമാറണമെന്ന് അറിയിക്കുകയായിരുന്നെന്ന് അച്ഛൻ പി.എസ് മനോജ്കുമാർ പറഞ്ഞു. കഴിഞ്ഞ വർഷം വിഷു കൈനീട്ടം ലഭിച്ച 1,290 രൂപയും ഈവർഷം കൈനീട്ടം ലഭിച്ച 150 രൂപയും ചേർത്ത് 1,440 രൂപയാണ് വൈഗ പി മനോജ് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തത്.

ലോക്ഡൗണായതിനാൽ വിഷുവിന് ബന്ധു വീടുകളിൽ പോകാൻ കഴിയാത്തതു മൂലമാണ് ഈ വർഷത്തെ കൈനീട്ട തുക കുറഞ്ഞതെന്ന് കുഞ്ഞു വൈഗ പറഞ്ഞു. സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന പെരുമ്പെട്ടി പുത്തൻപുരയിൽ പി.എസ് മനോജ്കുമാറിന്റെയും ഭാര്യ വിദ്യ മനോജിന്റെയും ഏകമകളാണ് എട്ടു വയസുകാരി വൈഗ പി മനോജ്. ചുങ്കപ്പാറ ക്രിസ്തുരാജ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർഥിനിയാണ് വൈഗ പി മനോജ്. (പിഎൻപി 1885/20)

## മരുന്നുകളും പലവ്യഞ്ജന കിറ്റും വീട്ടിലെത്തിച്ച് എക്സൈസ്

രോഗബാധിതനായ മല്ലപ്പള്ളി വാളുവേലി മുറിയിൽ തോന്നിപ്പാറ വീട്ടിൽ ജോൺ ജോസഫി(52)ന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായ വി. റോബർട്ടിന്റെ നേതൃത്വത്തിൽ മരുന്നുകളും പലവ്യഞ്ജന കിറ്റും എത്തിച്ചു നൽകി. റാന്നി താലൂക്ക് ആശുപത്രിയിലെ ചികിത്സയിലാണ് ജോൺ ജോസഫ്. ലോക്ക്ഡൗൺ മൂലം ആശുപത്രിയിലെത്തി മരുന്നു വാങ്ങാൻ നിർവാഹമില്ലാതെ ജോൺ ജോസഫ് ബുദ്ധിമുട്ടുകയായിരുന്നു.

നിസഹായാവസ്ഥ അറിഞ്ഞ വാളുവേലി 83-ാം നമ്പർ അങ്കണവാടി ടീച്ചർ വി.കെ. ശ്യാമള സിവിൽ എക്സൈസ് ഓഫീസർ ബിനു വി വർഗീസിനെ വിവരം അറിയിച്ചു. തുടർന്ന് ഇക്കാര്യം പത്തനംതിട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായ മാത്യു ജോർജിനേയും, മല്ലപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായ വി. റോബർട്ടിനേയും അറിയിച്ചു. പത്തനംതിട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ ശ്രമഫലമായി അത്യാവശ്യ മരുന്നുകൾ റാന്നി താലൂക്ക് ആശുപത്രിയിൽ നിന്ന് വാങ്ങി റാന്നി റേഞ്ചിലെ സിവിൽ എക്സൈസ് ഓഫീസറായ വി.കെ. സന്തോഷ്കുമാർ മുഖേന മല്ലപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായ വി. റോബർട്ടിനു കൈമാറി.

മല്ലപ്പള്ളി എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) എം.എസ് ബാബു, സിവിൽ എക്സൈസ് ഓഫീസർമാരായ അജിത്ത് ജോസഫ്, എസ് മനീഷ്, എക്സൈസ് ഡ്രൈവർ വി. പ്രദീപ്കുമാർ എന്നിവരടങ്ങുന്ന എക്സൈസ് ഉദ്യോഗസ്ഥർ മരുന്നുകളും അത്യാവശ്യ പലവ്യഞ്ജനങ്ങളും അടങ്ങിയ കിറ്റുമായി ജോൺ ജോസഫിന്റെ വീട്ടിലെത്തി കൈമാറി. ആനിക്കാട് ഗ്രാമപഞ്ചായത്ത് 13-ാം വാർഡ് മെമ്പർ ഷീബാ ജോസഫ്, അങ്കണവാടി ടീച്ചർ വി.കെ. ശ്യാമള തുടങ്ങിയവർ സന്നിഹിതരായിരുന്നു.

(പിഎൻപി 1886/20)

## പെൻഷൻ തുക സംഭാവന നൽകി ആക്സ

ഭിന്നശേഷിക്കാരിയായ ആക്സ ജോസ് പെൻഷൻ തുക കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകി മാതൃകയായി. അടൂർ കടമ്പനാട് തൂവയൂർ തെക്ക് താവളത്തിൽ ഗിഗിൽ വീട്ടിൽ ജോസ്- സൂസൻ ദമ്പതികളുടെ മകളാണ് ആക്സ ജോസ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പെൻഷൻ തുക കൈമാറണമെന്ന ആക്സയുടെ ആഗ്രഹപ്രകാരം ചിറ്റയം ഗോപകുമാർ എംഎൽഎയെ സമീപിക്കുകയായിരുന്നു.

ആക്സയുടെ ആഗ്രഹപ്രകാരം വീട്ടിലെത്തിയ ചിറ്റയം ഗോപകുമാർ 5000 രൂപ ഏറ്റുവാങ്ങി. ആക്സയുടെ പ്രവർത്തി എല്ലാവർക്കും മാതൃകയാണെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ പറഞ്ഞു. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ, കടമ്പനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.ആർ അജീഷ് കുമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധി ടി.ആർ ബിജു, റിജോ കെ.ബാബു എന്നിവർ പങ്കെടുത്തു.

(പിഎൻപി 1887/20)

**ഫോട്ടോ അടികുറിപ്പ്- സിഎംഡിആർഎഫ് അക്സ-**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയ പെൻഷൻ തുക ചിറ്റയം ഗോപകുമാർ എംഎൽഎയ്ക്ക് ആക്സ ജോസ് കൈമാറുന്നു.

**ഫോട്ടോ അടിക്കുറിപ്പ്- വൈഗ-**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയ വിഷു കൈനീട്ടം വൈഗ പി മനോജിൽ നിന്നും ജില്ലാ കളക്ടർ പി.ബി. നൂഹ് ഏറ്റുവാങ്ങുന്നു.

**ഫോട്ടോ അടിക്കുറിപ്പ് - എക്സൈസ്-**

രോഗബാധിതനായ മല്ലപ്പള്ളി വാളുവേലി മുറിയിൽ തോന്നിപ്പാറ വീട്ടിൽ ജോൺ ജോസഫിന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായ വി. റോബർട്ടിന്റെ നേതൃത്വത്തിൽ മരുന്നുകളും പലവ്യഞ്ജന കിറ്റും നൽകുന്നു.

**ഫോട്ടോ അടിക്കുറിപ്പ്- സിഎംഡിആർഎഫ് ഗണേശൻ-**

സാമൂഹികക്ഷേമ പെൻഷനുകൾ ഉൾപ്പെടെ ആകെ മാസവരുമാനമായ 3000 രൂപ ഗീതാ ഗണേശ് അഡ്വ. മാത്യു ടി തോമസ് എംഎൽഎയ്ക്കു കൈമാറുന്നു. ഗണേശൻ, നീതു, ബ്ലോക്ക് പഞ്ചായത്ത് അംഗം ബിനിൽ കുമാർ, നെടുമ്പ്രം ഗ്രാമപഞ്ചായത്തംഗം ചന്ദ്രലേഖ എന്നിവർ സമീപം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.







# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 26<br>April 26 | 2020 |
|---|---|

1195 മേടം 13 ഞായർ

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**മൂന്ന് ലക്ഷത്തിൽ അധികം ഭക്ഷണ പൊതികൾ**
**വിതരണം ചെയ്ത് കമ്മ്യൂണിറ്റി കിച്ചണുകൾ**

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം ജില്ലയിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണുകൾ മുഖേന വിതരണം ചെയ്തത് 3,04,455 ഭക്ഷണ പൊതികൾ. 22,001 പ്രഭാത ഭക്ഷണ പൊതികളും 2,57,082 ഉച്ചഭക്ഷണ പൊതികളും 25,372 അത്താഴവും കമ്മ്യൂണിറ്റി കിച്ചണുകൾ വഴി ഇതിനോടകം വിതരണം ചെയ്തു. കമ്മ്യൂണിറ്റി കിച്ചണുകൾ വഴി 2,07,491 സൗജന്യ ഭക്ഷണ പൊതികളാണ് വിതരണം ചെയ്തത്.

ജില്ലയിൽ നാല് മുനിസിപ്പാലിറ്റികളിലും ഗ്രാമ പഞ്ചായത്തുകളിലുമായി 63 കമ്മ്യൂണിറ്റി കിച്ചണുകളാണ് ഉള്ളത്. കുടുംബശ്രീ ജില്ലാ മിഷനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായാണ് കമ്മ്യൂണിറ്റി കിച്ചണുകൾ നടത്തുന്നത്. ജില്ലയിൽ ഏറ്റവും അധികം ഭക്ഷണ പൊതികൾ വിതരണം ചെയ്തത് ആറന്മുള നിയോജക മണ്ഡലത്തിലാണ്. കോഴഞ്ചേരി ഗ്രാമപഞ്ചായത്താണ് ഏറ്റവും അധികം ഭക്ഷണം ലഭ്യമാക്കിയ ഗ്രാമപഞ്ചായത്ത്. (പിഎൻപി 1888/20)

**ഒൻപതു വയസുകാരന് ജീവൻ രക്ഷാ മരുന്നുകൾ**
**എത്തിച്ച് ജില്ലാ യുവജനക്ഷേമ ബോർഡ്**

ഒൻപതു വയസുകാരന് ജീവൻ രക്ഷാ മരുന്നുകളെത്തിച്ച് സംസ്ഥാന യുവജനക്ഷേമ ബോർഡ് പത്തനംതിട്ട ജില്ലാ യുവജനക്ഷേമ കേന്ദ്രം. കവിയൂർ സ്വദേശിയായ അനന്തുവിനാണ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ആർ. ശ്രീലേഖയുടെയും കോ-ഓർഡിനേറ്റർമാരുടെയും സഹായത്തോടെ മരുന്നുകളെത്തിച്ചത്. അഡ്വ.മാത്യു ടി

തോമസ് എംഎൽഎയുടെ നിർദേശപ്രകാരമാണ് മരുന്നുകൾ എത്തിക്കാൻ നടപടി സ്വീകരിച്ചത്.

ഒൻപതു വയസുള്ള അനന്തു ആറ് വർഷമായി വൃക്ക സംബന്ധമായ അസുഖത്തെ തുടർന്ന് തിരുവനന്തപുരം എസ്എടി ആശുപത്രിയിലെ ചികിത്സയിലായിരുന്നു. ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മരുന്നുകൾ വാങ്ങാൻ സാധിക്കാതെ വന്നതിനെ തുടർന്ന് കവിയൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു ഹാനോക് എംഎൽഎയെ വിവരം അറിയിച്ചു.

തിരുവനന്തപുരത്ത് നിന്ന് വിവിധ ജില്ലകളിലെ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സഹായത്തോടെ മരുന്നുകൾ അടൂരിൽ എത്തിച്ചു. അവിടെനിന്ന് മെഴുവേലി കോ-ഓർഡിനേറ്റർ വിജിൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജു ഹാനോക്കിന്റെ സാന്നിധ്യത്തിൽ കുഞ്ഞിന്റെ മാതാവിന് മരുന്നുകൾ കൈമാറി. എംഎൽഎയുടെ സഹായത്തോടെ സൗജന്യമായാണ് മരുന്നുകൾ നൽകിയത്. അനന്തുവിന്റെ അസുഖം ഭേദമാകാൻ ഇനിയും നാലു വർഷം കൂടി മരുന്നുകൾ മുടങ്ങാതെ കഴിക്കണം.

(പിഎൻപി 1889/20)

## വടശേരിക്കരയെ ഹോട്ട് സ്പോട്ടിൽനിന്നും ഒഴിവാക്കണം: രാജു ഏബ്രഹാം എംഎൽഎ

വടശേരിക്കര പഞ്ചായത്തിനെ ഹോട്ട്സ്പോട്ടിൽ നിന്നും ഒഴിവാക്കണമെന്ന് രാജു എബ്രഹാം എം എൽ എ ആവശ്യപ്പെട്ടു. ഇവിടെയുള്ള അവസാന രോഗിയും രോഗം ഭേദമായി വീട്ടിൽ പോയി കഴിഞ്ഞു. മറ്റാരും തന്നെ പഞ്ചായത്തിൽ ഇപ്പോൾ നിരീക്ഷണത്തിൽ ഇല്ല. അതിനാൽ പഞ്ചായത്തിനെ ഹോട്ട് സ്പോട്ടിൽ നിന്നും ഒഴിവാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രിയോടും ജില്ലാ കളക്ടറോടും എംഎൽഎ ആവശ്യപ്പെട്ടു.

(പിഎൻപി 1890/20)



**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കൺട്രോൾ സെൽ ബുളളറ്റിൻ**
**തീയതി. 26.04.2020**

.............................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് (26) പുതിയ കേസുകൾ ഒന്നും കണ്ടെത്തിയിട്ടില്ല. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി. ജനറൽ ആശുപത്രി പത്തനംതിട്ടയിൽ മൂന്നു പേരും, ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ ആറു പേരും, ജനറൽ ആശുപത്രി അടൂരിൽ ഒരാളും നിലവിൽ ഐസൊലേഷനിൽ ഉണ്ട്. സ്വകാര്യ ആശുപത്രികളിൽ നിലവിൽ ആരും ഐസൊലേഷനിൽ ഇല്ല. ജില്ലയിൽ 10 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്. ഇവരിൽ മൂന്നു പേർ രോഗബാധിതരാണ്.

ഇന്ന് (26) പുതിയതായി രണ്ടു പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു. രോഗബാധ പൂർണമായും ഭേദമായ 14 പേർ ഉൾപ്പെടെ ആകെ 162 പേരെ ഇതുവരെ ആശുപത്രി ഐസൊലേഷനിൽ നിന്നും ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. വീടുകളിൽ 13 പ്രൈമറി കോൺടാക്ടുകളും, 31 സെക്കൻഡറി കോൺടാക്ടുകളും, നിരീക്ഷണത്തിൽ ആണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 344 പേർ നിലവിൽ നിരീക്ഷണത്തിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന്(26) തിരിച്ചെത്തിയ മൂന്നു പേരും ഇതിൽ ഉൾപ്പെടുന്നു.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് തിരിച്ചെത്തിയ 17 പേരെ നിരീക്ഷണ കാലം പൂർത്തിയായതിനാൽ ക്വാറന്റൈനിൽ നിന്ന് വിടുതൽ ചെയ്തു. ആകെ 388 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്. ജില്ലയിൽ നിന്ന് ഇന്ന്(26) 150 സ്പെഷൽ സാമ്പിളുകൾ ഉൾപ്പെടെ ആകെ 179 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. ഇതുവരെ ജില്ലയിൽ നിന്നും 3407 സാമ്പിളുകൾ ആണ് പരിശോധനയ്ക്കായി അയച്ചിട്ടുള്ളത്.

ജില്ലയിൽ ഇന്നു(26)വരെ അയച്ച സാമ്പിളുകളിൽ 17 എണ്ണം പൊസിറ്റീവായും 3025 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 209 സാമ്പിളുകളുടെ ഫലം ലഭിക്കാനുണ്ട്.

ജില്ലയുടെ അതിരുകളിൽ 14 സ്ഥലങ്ങളിലായി 144 ടീമുകൾ ഇന്ന് (26) ആകെ 6790 യാത്രികരെ സ്ക്രീൻ ചെയ്തതിൽ

രോഗലക്ഷണങ്ങൾ കണ്ടെത്തിയ ഒരാളെ അടൂർ ജനറൽ ആശുപത്രിയിൽ ഐസൊലോഷനിൽ പ്രവേശിപ്പിച്ചു. ആകെ 6682 പേർക്ക് ബോധവത്ക്കരണം നൽകി.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 25 കോളുകളും, ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 69 കോളുകളും ലഭിച്ചു. ഇന്റഗ്രേറ്റഡ് വോയിസ് റസ്പോൺസ് സിസ്റ്റത്തിൽ ഇന്ന്(26) 16 കോളുകൾ ലഭിച്ചു (ഫോൺ നമ്പർ 9205284484). ഇവയിൽ 10 കോളുകൾ കൺട്രോൾ റൂമുമായും, മൂന്നു കോളുകൾ സൈക്കോളജിക്കൽ സപ്പോർട്ട് ടീമുമായും മൂന്നു കോളുകൾ മെഡിക്കൽ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതുമായിരുന്നു. ഐവിആർ കോൾ സെന്ററിൽ ഇതുവരെ 201 മെഡിക്കൽ ആവശ്യങ്ങളുമായി ബന്ധപ്പെട്ട കോളുകളും, 191 നോൺ മെഡിക്കൽ ആവശ്യങ്ങളുമായി ബന്ധപ്പെട്ട കോളുകളും ലഭിച്ചിട്ടുണ്ട്.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് (26) 460 കോളുകൾ നടത്തുകയും, 26 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. സൈക്കോളജിക്കൽ സപ്പോർട്ട് ടീം ഫോൺ മുഖേന ജില്ലയിലെ ഗർഭിണികൾക്ക് സൈക്കോളജിക്കൽ സപ്പോർട്ട് നൽകി വരുന്നു. ഇതിന്റെ ഭാഗമായി ഇന്ന് (26) 209 പേർക്ക് കൗൺസിലിംഗ് നൽകി.

ഇന്ന് (26) രണ്ട് ഗവൺമെന്റ് ആശുപത്രികളിൽ പരിശീലന പരിപാടികൾ നടന്നു. 20 ഡോക്ടർമാരും, 23 നഴ്സുമാരും, 17 മറ്റ് ജീവനക്കാരും ഉൾപ്പെടെ ആകെ 60 പേർക്ക് കോവിഡ് അവയർനസ് പരിശീലനം നൽകി. ഇതുവരെ 492 ഡോക്ടർമാർക്കും, 1123 സ്റ്റാഫ് നഴ്സുമാർക്കും, 3045 മറ്റ് ജീവനക്കാർക്കും കോവിഡ് അവയർനസ്, പി.പി.ഇ. പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 226 ഡോക്ടർമാർക്കും, 336 സ്റ്റാഫ് നഴ്സുമാർക്കും ഐ.സി.യു./വെന്റിലേറ്റർ പരിശീലനവും നൽകിയിട്ടുണ്ട്. അതിഥി സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ച പ്രത്യേക ഇന്റഗ്രേറ്റഡ് വോയിസ് റസ്പോൺസ് സിസ്റ്റത്തിൽ (ഫോൺ നമ്പർ - 9015978979) ഇന്ന് (26)നോൺ മെഡിക്കൽ ആവശ്യവുമായി ബന്ധപ്പെട്ട് നാലു കോളുകൾ ലഭിച്ചു. ഇവ വഴി വിവരം ലഭിച്ചത് അനുസരിച്ച് ഒരാൾക്ക് ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിൽ നിന്ന് ചികിത്സ നൽകി.

ഇന്ന് (26)ഗൃഹസന്ദർശന പരിപാടിയിൽ പങ്കെടുത്ത വോളന്റിയർമാർ ആകെ 162 വീടുകൾ സന്ദർശിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, ജില്ലാ

മെഡിക്കൽ ഓഫീസർ എന്നിവരുമായി വീഡിയോ കോൺഫറൻസിലൂടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം 4.30 ന് ജില്ലാ കളക്ടറുടെ ചേംബറിൽ നടന്നു.